**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

**ഡിസംബർ 17**

**December 17**

**2018**

***1193 ധനു 2***

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com **ഫോൺ0468-2222657**

**മെഡിക്കൽ ഓഫീസർ, ഫാർമസിസ്റ്റ് ഒഴിവ്**

കൊറ്റനാട് ഹോമിയോ ആശുപത്രിയിൽ നാഷണൽ ആയുഷ് മിഷൻ അനുവദിച്ച ഹോമിയോ മെഡിക്കൽ ഓഫീസർ, ഫാർമസിസ്റ്റ് തസ്തികയിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് സർക്കാർ അംഗീകൃത ബിഎച്ച്എംഎസ്/ ഡിഎച്ച്എംഎസും ഫാർമിസിസ്റ്റിന് എൻസിപി/സിസിപിയുമാണ് യോഗ്യത. താത്പര്യമുള്ളവർ അടൂർ റവന്യു ടവറിലുള്ള ജില്ലാ ഹോമിയോ മെഡിക്കലാഫീസിൽ ഈ മാസം 19ന് നടക്കുന്ന കൂടിക്കാഴ്ചയിൽ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണം. ഫാർമസിസ്റ്റ് തസ്തികയിലേക്ക് രാവിലെ 10നും മെഡിക്കൽ ഓഫീസർ തസ്തകയിലേക്ക് 11നുമാണ് കൂടിക്കാഴ്ച. (പിഎൻപി 4072/18)

**ഗുണഭോക്താക്കളുടെ യോഗം**

പത്തനംതിട്ട നഗരസഭയിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം നടപ്പാക്കുന്ന മട്ടുപ്പാവിലെ മുട്ടക്കോഴി വളർത്തൽ പദ്ധതി ഗുണഭോക്താക്കളുടെ യോഗം 20ന് രാവിലെ 11ന് നഗരസഭാ ഓഫീസ് കോൺഫറൻസ് ഹാളിൽ ചേരും. (പിഎൻപി 4073/18)

**ചീക്കേമുക്ക് മേലുകര ലക്ഷം വീട് കോളനിക്കാർക്കായി പുതിയ നടപ്പാത**

കോഴഞ്ചേരി പഞ്ചായത്തിലെ ചീക്കേമുക്ക് മേലുകര ലക്ഷം വീട് കോളനിക്കാരുടെ നടപ്പാതയ്ക്ക് വേണ്ടിയുള്ള വർഷങ്ങളായുള്ള കാത്തിരിപ്പിന് വിരാമം. പുതിയ പാതയുടെ

ഉദ്ഘാടനം കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി ശ്യാം മോഹന്‍ നിര്‍വഹിച്ചു. ഗ്രാമപഞ്ചായത്തിന്റെ 2017-18, 2018-19 വര്‍ഷങ്ങളിലെ ഫണ്ട് വിനിയോഗിച്ചാണ് ചീക്കേമുക്ക് മേലുകര ലക്ഷം വീട് കോളനിക്കാര്‍ക്കായി പുതിയ നടപ്പാത നിര്‍മിച്ചത്. വെള്ളം ഒഴുകുന്ന തോടിന് കുറുകെ 2.5 മീറ്റര്‍ വീതിയില്‍ കോണ്‍ക്രീറ്റ് ചെയ്തതാണ് നടപ്പാത. ഏഴ് ലക്ഷം രൂപയാണ് ചിലവഴിച്ചത്. നടപ്പാത പൂര്‍ത്തിയായതോടെ കോളനിയിലെ 32 കുടുംബങ്ങളുടെ യാത്രാക്ലേശം ഒഴിവായി.

വികസനകാര്യ സ്ഥിരം സമിതി അധ്യക്ഷ ലതാ ചെറിയാന്‍ അദ്ധ്യക്ഷത വഹിച്ച ചടങ്ങില്‍ വൈസ് പ്രസിഡന്റ് പ്രകാശ് കുമാര്‍, ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷന്‍ ക്രിസ്റ്റഫര്‍ ദാസ്, ബ്ലോക്ക് മെമ്പര്‍ ബിജിലി പി ഈശോ, ലത ജോസ്, എ.ഇ രമേശ് പ്രതിഷ്, വിജയശ്രീ സോമന്‍, രാജമ്മ ചന്ദ്രന്‍ തുടങ്ങിയവര്‍ പങ്കെടുത്തു.

(പിഎന്‍പി 4074/18)

## അപേക്ഷ ക്ഷണിച്ചു

വെണ്ണിക്കുളം ഗവണ്‍മെന്റ് പോളിടെക്നിക്ക് കോളജിലെ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷന്‍ സെല്ലില്‍ സി.സി.ടി.വി ഇന്‍സ്റ്റലേഷന്‍ ടെക്നീഷ്യന്‍, ഓട്ടോ ഇലക്ട്രീഷ്യന്‍, അലൂമിനിയം ഫാബ്രിക്കേഷന്‍ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഫോണ്‍: 0469 2651428.

(പിഎന്‍പി 4075/18)

## യോഗം ഇന്ന് (18)

അയിരൂര്‍ ചെറുകോല്‍പ്പുഴ ഹിന്ദുമത പരിഷത്തിനോടനുബന്ധിച്ച് ഇന്ന് (18) ഉച്ചയ്ക്ക് ശേഷം മൂന്നിന് എഡിഎംന്റെ ചേംബറില്‍ യോഗം ചേരും. (പിഎന്‍പി 4076/18)

## സര്‍ട്ടിഫിക്കറ്റ് പരിശോധന

തിരുവല്ല എംജിഎംഎച്ച്എസ്എസ് പരീക്ഷാ കേന്ദ്രമായി കഴിഞ്ഞ ഒക്ടോബര്‍ മാസം കെ.ടെറ്റ് പരിക്ഷയെഴുതി പാസായ ഉദ്യോഗാര്‍ഥികളുടെ സര്‍ട്ടിഫിക്കറ്റ് പരിശോധന ഈ മാസം 19 മുതല്‍ 22 വരെ ഉച്ചയ്ക്ക് ശേഷം രണ്ട് മുതല്‍ തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസില്‍ നടക്കും. കെ.ടെറ്റ് മാര്‍ക്ക് ലിസ്റ്റ്, മാര്‍ക്ക് റിലാക്സേഷന്‍ അര്‍ഹതയുള്ളവര്‍ ബന്ധപ്പെട്ട അധികാരികളില്‍ നിന്നുള്ള സര്‍ട്ടിഫിക്കറ്റും യോഗ്യതാ സര്‍ട്ടിഫിക്കറ്റുകളുടെ അസലും സ്വയം സാക്ഷ്യപ്പെടുത്തിയ പകര്‍പ്പും ഹാജരാക്കണമെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസര്‍ അറിയിച്ചു. (പിഎന്‍പി 4077/18)

## പെന്‍ഷന്‍ രേഖകള്‍ നല്‍കണം

കേരള തയ്യല്‍ തൊഴിലാളി ക്ഷേമനിധി ബോര്‍ഡ് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസില്‍ നിന്നും 2017 ഫെബ്രുവരി ആറ് വരെ തയ്യല്‍ ക്ഷേമനിധി പെന്‍ഷന്‍ ഉള്‍പ്പെടെ രണ്ട് പെന്‍ഷനുകള്‍ ലഭിച്ചിരുന്നവരില്‍ നിലവില്‍ പെന്‍ഷന്‍ ലഭിക്കാത്തവര്‍ ആധാര്‍ കാര്‍ഡ്, ബാങ്ക് പാസ് ബുക്ക്, പെന്‍ഷന്‍ ബുക്ക്, റേഷന്‍ കാര്‍ഡ് എന്നിവ പകര്‍പ്പ് സഹിതം ഹാജരാക്കണമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസര്‍ അറിയിച്ചു. (പിഎന്‍പി 4078/18)

## പ്രളയാനന്തര പുനര്‍നിര്‍മാണം
## ബാങ്കുകള്‍ ഉദാര സമീപനം സ്വീകരിക്കണം - ആന്റോ ആന്റണി എംപി

പ്രളയാനന്തര പുനര്‍നിര്‍മാണത്തിന് കൈത്താങ്ങാകുന്നതിന് ജില്ലയിലെ ബാങ്കുകള്‍ ഉദാര സമീപനം സ്വീകരിക്കണമെന്ന് ആന്റോ ആന്റണി എംപി പറഞ്ഞു. പത്തനംതിട്ടയില്‍ നടന്ന ജില്ലാതല ബാങ്കിംഗ് അവലോകനസമിതി യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു എംപി. പ്രളയാനന്തരം വായ്പകള്‍ക്കായി ബാങ്കുകളെ സമീപിക്കുന്നവര്‍ക്ക് നടപടിക്രമങ്ങള്‍

പരമാവധി ലഘൂകരിച്ച് വായ്പകള്‍ നല്‍കാന്‍ ബാങ്കുകള്‍ തയാറാകണം. വ്യാപാരമേഖലയില്‍ ഉള്‍പ്പെടെ പ്രളയം വലിയ ആഘാതം സൃഷ്ടിച്ചു. ഇതില്‍ നിന്നും കരകയറുന്നതിന് പുനര്‍വായ്പകള്‍ ഉള്‍പ്പെടെ നല്‍കുന്നതിന് ബാങ്കുകള്‍ ഉദാര സമീപനം സ്വീകരിക്കണമെന്നും എംപി പറഞ്ഞു.

വ്യവസായ കാര്‍ഷിക രംഗങ്ങളില്‍ ഉണര്‍വ് ഉണ്ടാക്കുന്നതിന് ഈ മേഖകളുമായി ബന്ധപ്പെടുന്നവര്‍ക്ക് പുതിയ വായ്പകളും പുനര്‍വായ്പകളും നല്‍കുന്നതിന് ജില്ലയിലെ എല്ലാ ബാങ്കുകളും പ്രത്യേകം ശ്രദ്ധിക്കണമെന്ന് ചടങ്ങില്‍ അധ്യക്ഷത വഹിച്ച ജില്ലാ കളക്ടര്‍ പി.ബി.നൂഹ് പറഞ്ഞു.

ജില്ലയിലെ രക്ഷിതാക്കള്‍ക്കും വിദ്യാര്‍ഥികള്‍ക്കുമായി വിദ്യാഭ്യാസ വായ്പകള്‍ സംബന്ധിച്ച് ബോധവത്ക്കരണ സെമിനാര്‍ നടത്തുന്നതിന് യോഗത്തില്‍ തീരുമാനമായി. ബാങ്കുകളില്‍ നേരിട്ടോ ഓണ്‍ലൈനായോ മാത്രമേ എടിഎം കാര്‍ഡിനായി അപേക്ഷിക്കാന്‍ പാടുള്ളൂ. ഫോണ്‍ മുഖേന എടിഎം കാര്‍ഡ് സംബന്ധിച്ച് യാതൊരുവിധ അന്വേഷണങ്ങളും ബാങ്കുകളില്‍ നിന്നും നടത്തുന്നതല്ല. എടിഎം കാര്‍ഡ് നല്‍കാമെന്ന് പറഞ്ഞ് ഉപഭോക്താക്കളെ കബളിപ്പിക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുള്ള സാഹചര്യത്തില്‍ എല്ലാ ബാങ്ക് ഉപഭോക്താക്കളും ജാഗ്രത പാലിക്കണമെന്ന് ജില്ലാ ലീഡ് ബാങ്ക് മാനേജര്‍ വി.വിജയകുമാരന്‍ പറഞ്ഞു.

ഈ സാമ്പത്തികവര്‍ഷം സെപ്തംബര്‍ വരെ 1987 കോടി രൂപയാണ് ജില്ലയിലെ ബാങ്കുകള്‍ വിതരണം ചെയ്തത്. ഇതില്‍ 1362 കോടി രൂപ മുന്‍ഗണനാ വായ്പയും 649 കോടി രൂപ കാര്‍ഷിക വായ്പയും വ്യവസായ വായ്പ 296 കോടിയും വിദ്യാഭ്യാസ/ഭവന വായ്പ 416 കോടിയുമാണ്. ജില്ലയിലെ എന്‍ആര്‍ഇ അക്കൗണ്ടുകളിലെ നിക്ഷേപം 20447 കോടി രൂപയില്‍ നിന്നും 21518 കോടി രൂപയായി വര്‍ധിച്ചു. പ്രളയദുരിതാശ്വാസ പദ്ധതിയായ ആക്തകെഎല്‍എസ് പ്രകാരം കുടുംബശ്രീകള്‍ക്ക് ബാങ്കുകള്‍ 13.62 കോടി രൂപ അനുവദിച്ചു. ഡിസംബര്‍ 31ന് മുമ്പ് 30 കോടി രൂപ കൂടി ആര്‍കെഎല്‍എസ് പദ്ധതിപ്രകാരം കുടുംബശ്രീകള്‍ക്ക് നല്‍കും.

ജില്ലയിലെ വിവിധ ബാങ്കുകളുടെ പ്രതിനിധികള്‍ യോഗത്തില്‍ പങ്കെടുത്തു.

(പിഎന്‍പി 4079/18)

## ഐഇഎല്‍റ്റിഎസ് സെമിനാര്‍

ജില്ലാ എംപ്ലോയ്മെന്റ് ഓഫീസും ഒഡെപെക്കുമായി സഹകരിച്ച് ബി.എസ്.സി നഴ്സിംഗ്, ജനറല്‍ നഴ്സിംഗ് കഴിഞ്ഞവര്‍ക്കും അവസാന വര്‍ഷ നഴ്സിംഗ് വിദ്യാര്‍ഥികള്‍ക്കുമായി ഐഇഎല്‍റ്റിഎസ് ബോധവത്ക്കരണ സെമിനാര്‍ നടത്തുന്നു. കൂടുതല്‍ വിവരത്തിന് 0468 2222745, 9497639019 എന്നീ നമ്പരുകളില്‍ ബന്ധപ്പെടണം.

(പിഎന്‍പി 4080/18)

## വരട്ടാര്‍ പുനരുജ്ജീവനം: യോഗം നാളെ (19)

ആദിപമ്പ-വരട്ടാര്‍പുനരുജ്ജീവനത്തിന്റെ രണ്ടാം ഘട്ടവുമായി ബന്ധപ്പെട്ട് ചെങ്ങന്നൂര്‍, തിരുവല്ല, ആറന്മുള എംഎംഎല്‍എമാരുടെ നേതൃത്വത്തില്‍ നാളെ ഉച്ചയ്ക്ക് മൂന്നിന് ചെങ്ങന്നൂര്‍ ഗവണ്‍മെന്റ് എന്‍ജിനീയറിംഗ് കോളജ് ആഡിറ്റോറിയത്തില്‍ യോഗം ചേരും.

(പിഎന്‍പി 4081/18)

## സ്കോളര്‍ഷിപ്പ്

കേരള മോട്ടോര്‍ തൊഴിലാളി ക്ഷേമ പദ്ധതിയില്‍ 2018 മാര്‍ച്ച് 31 വരെ അംഗത്വം എടുത്തിട്ടുള്ള തൊഴിലാളികളുടെ മക്കള്‍ക്കുള്ള 2018-19 വര്‍ഷത്തെ വിദ്യാഭ്യാസ സ്കോളര്‍ഷിപ്പിന് അപേക്ഷ സ്വീകരിക്കുന്ന തീയതി ഈ മാസം 20 വരെ നീട്ടി. വാര്‍ഷിക പരീക്ഷിയ്ക്ക് 50 ശതമാനം മാര്‍ക്ക് നേടിയിട്ടുള്ള എട്ട് മുതല്‍ പ്രൊഫഷണല്‍ കോഴ്സുകള്‍ വരെ പഠിക്കുന്ന കുട്ടികള്‍ക്ക് അപേക്ഷിക്കാം. പ്രൊഫഷണല്‍ കോഴ്സുകള്‍ക്ക് പഠിക്കുന്ന

കുട്ടികൾ സർക്കാർ നിശ്ചയിച്ചിട്ടുള്ള യോഗ്യതാ പരീക്ഷയുടെ അടിസ്ഥാനത്തിൽ മെറിറ്റ് ക്വോട്ടയിൽ പ്രവേശനം നേടിയവരായിരിക്കണം. അപേക്ഷാ ഫോറം kmtwwfb.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ: 0468 2320158. (പിഎൻപി 4082/18)

## സ്വാഗത സംഘം രൂപീകരിച്ചു

പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് സർക്കാർ പ്രഖ്യാപിച്ച കെയർഹോം പദ്ധതിയിലുൾപ്പെടുത്തി 114 ഗുണഭോക്താക്കൾക്ക് സഹകരണ സംഘങ്ങൾ മുഖേന നിർമിച്ച് നൽകുന്ന കെയർഹോം പദ്ധതിയുടെ ഉദ്ഘാടനം ഈ മാസം 27ന് സഹകരണമന്ത്രി കടകംപള്ളി സുരേന്ദ്രൻ റാന്നിയിൽ നിർവഹിക്കും. പരിപാടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് റാന്നി എംഎൽഎ രാജു എബ്രഹാമിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പി.ആർ.പ്രസാദ് ചെയർമാനായി സ്വാഗതസംഘം രൂപീകരിച്ചു. സഹകരണസംഘം ഭാരവാഹികൾ, സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ, രാഷ്ട്രീയപ്രവർത്തകർ എന്നിവർ അടങ്ങുന്നതാണ് സ്വാഗത സംഘം. (പിഎൻപി 4083/18)

## പ്രത്യേക പത്രക്കുറിപ്പ്
## ഇന്ന് (18) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ ഇന്ന് (18) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: മുത്തൂറ്റ് മെഡിക്കൽ സെന്റർ പത്തനംതിട്ട, എവരിഡേ മെഡിക്കൽസ് കോന്നി, മുത്തൂറ്റ് ഹോസ്പിറ്റൽ ഫാർമസി കോഴഞ്ചേരി, ജെ.ആർ.ആശ്വാസ് മെഡിക്കൽസ് അടൂർ, അനന്യ മെഡിക്കൽസ് പന്തളം, തിരുവല്ല മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ തിരുവല്ല, ന്യൂ മെഡിക്കൽസ് റാന്നി, നീതി മെഡിക്കൽ സ്റ്റോർ വടശേരിക്കര.

(പ്രത്യേക പത്രക്കുറിപ്പ് 65/18)

## ഫോട്ടോ അടിക്കുറിപ്പ്

1) പത്തനംതിട്ടയിൽ നടന്ന ജില്ലാതല ബാങ്കിംഗ് അവലോകന യോഗത്തിൽ ആന്റോ ആന്റണി എം.പി സംസാരിക്കുന്നു.
2) ജില്ലാതല ബാങ്കിംഗ് അവലോകന യോഗത്തിൽ ജില്ലാ കളക്ടർ പി.ബി.നൂഹ് സംസാരിക്കുന്നു.
3) ബാങ്കിംഗ് അവലോകന സമിതിയോഗത്തിൽ ജില്ലാ ക്രെഡിറ്റ് പ്ലാൻ ആന്റോ ആന്റണി എംപി പ്രകാശനം ചെയ്യുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഡിസംബർ 17<br>December 17 | 2018 |
| --- | --- |

*1193 ധനു 2*

# പത്രക്കുറിപ്പ് -2

[www.prd.kerala.gov.in](http://www.prd.kerala.gov.in), [diopta1@gmail.com](mailto:diopta1@gmail.com) ഫോൺ0468-2222657

---

**കേരളത്തിന്റെ പൊതുവിതരണസംവിധാനം ലോകത്തിന് മാതൃകയാകും – മന്ത്രി പി. തിലോത്തമൻ**

കേരളത്തിന്റെ പൊതുവിതരണക്രമം ലോകത്തിന് തന്നെ മാതൃകയായി മാറുമെന്ന് ഭക്ഷ്യപൊതുവിതരണവകുപ്പ് മന്ത്രി പി.തിലോത്തമൻ. തിരുവല്ല വെയർഹൗസ് പദ്ധതിയുടെ നിർമാണ ഉദ്ഘാടനം തിരുവല്ല അമ്പിളിജംഗ്ഷനിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. പ്രളയസമയത്ത് കേന്ദ്രം നൽകിയ ഭക്ഷ്യധാന്യങ്ങൾ സൗജന്യമായി പൊതുജനങ്ങൾക്കെത്തിക്കുവാൻ വകുപ്പിന് സാധിച്ചു. പ്രളയശേഷം വിലയക്കയറ്റം കേരളം പ്രതീക്ഷിച്ചുവെങ്കിലും കൃത്യമായ ഇടപെടലിലൂടെ അതിനെ അതിജീവിക്കുവാനും കഴിഞ്ഞുവെന്നും അദ്ദേഹം പറഞ്ഞു. റേഷൻകടകളിൽ ഇ–പോസ് മെഷിനൊപ്പം ത്രാസ് കൂടി ബന്ധിച്ചിച്ച് തൂക്കം കൃത്യമാകുമ്പോൾ മാത്രം ബിൽ ലഭിക്കുന്ന രീതിയിലേക്ക് കൊണ്ടുവരുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. എല്ലാ ഉപഭോക്തൃ ഉൽപ്പന്നങ്ങളേയും ഒരേ കുടക്കീഴിൽ വിതരണം ചെയ്യുന്ന തരത്തിൽ സിവിൽ സപ്ലൈസിനെ മാറ്റും. ഇതിന്റെ ഭാഗമായി ഗൃഹോപകരണങ്ങൾ കൂടി സപ്ലൈകോ വഴി വിതരണം ചെയ്യുന്നത് ആരംഭിച്ചുവെന്നും അദ്ദേഹം പറഞ്ഞു. വെയർഹൗസ് പ്രോജക്ട് കോൺട്രാക്ടർ കെ.വി ശങ്കരൻകുട്ടിക്ക് സ്ഥലത്തിന്റെ കൈമാറൽ ധാരണാപത്രം മന്ത്രി നൽകി.

കാൽനൂറ്റാണ്ടിന്റെ കാത്തിരിപ്പിനൊടുവിലാണ് തിരുവല്ല താലൂക്കിന് സ്വന്തമായി ഭക്ഷ്യധാന്യ കലവറ ലഭിച്ചത്. നിലവിൽ, കുന്നന്താനത്തെ ഫുഡ് കോർപറേഷൻ ഓഫ് ഇന്ത്യയുടെ ഗോഡൗണാണ് ഭക്ഷ്യധാന്യങ്ങൾ ശേഖരിക്കുന്നതിന് ഉപയോഗിച്ച് വരുന്നത്.

താലൂക്കിനു വേണ്ടി മാത്രമാണ് കാവുംഭാഗത്ത് അമ്പിളി ജംഗ്ഷനിൽ ഗോഡൗൺ നിർമിക്കുന്നത്. 1989 ൽ ഗോഡൗൺ നിർമാണത്തിനായി ഒരേക്കറോളം സ്ഥലം വാങ്ങി 2011 ൽ തറക്കല്ലിട്ടിരുന്നു. എൻ.എഫ്.എസ്.എ ഫണ്ടിൽ നിന്നും അനുവദിച്ച നാല് കോടി 57 ലക്ഷം രൂപയിൽ സൂപ്പർ മാർക്കറ്റ്, ഗോഡൗൺ, പെട്രോൾ പമ്പ്, ഓഫിസ് എന്നിവയാണ് നിർമിക്കുന്നത്. കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഹൈറ്റ്സിനാണ് നിർമാണചുമതല. ഒരു ഏക്കർ പത്ത് സെന്റിൽ 840.24 സ്ക്വയർ മീറ്ററിലാണ് നിർമാണം. 10 മാസത്തിനകം നിർമാണം പൂർത്തിയാക്കണമെന്നാണു കരാർ. 27 സെന്റ് സ്ഥലത്താണ് പെട്രോൾ പമ്പ് സ്ഥാപിക്കുന്നത്. ബാക്കി സ്ഥലത്താണ് രണ്ട് നില കെട്ടിടം. താഴെ സൂപ്പർ മാർക്കറ്റ്, അതിനു പുറകിൽ 3500 ചതുരശ്ര മീറ്ററിൽ എൻ.എഫ്.എസ്.എ ഗോഡൗൺ. ഇതിൽ ഒരു സമയം 50 ലോഡ് ഭക്ഷ്യ ധാന്യം ശേഖരിക്കാൻ കഴിയും. ഗോഡൗണിനു മുകളിലായിട്ടാണ് ഓഫിസ് കെട്ടിടം. കൂടാതെ, തിരുവല്ല എം.എൽ.എ അഡ്വ.മാത്യു ടി.തോമസിന്റെ നിർദ്ദേശപ്രകാരം ഒരു മെഡിക്കൽ സ്റ്റോർ കൂടി ഉൾപ്പെടുത്താനും തീരുമാനമുണ്ട്. അഡ്വ.മാത്യു ടി തോമസ് എം.എൽഎ അധ്യക്ഷത വഹിച്ച ചടങ്ങിൽ തിരുവല്ല നഗരസഭ ചെയർമാൻ ചെറിയാൻ പോളച്ചിറയ്ക്കൽ, സപ്ലൈകോ ചെയർമാൻ &മാനേജിംഗ് ഡയറക്ടർ എം.എസ് ജയ, ജില്ലാ സപ്ലൈ ഓഫീസർ എം.എസ് ബീന, ജില്ലാ പഞ്ചായത്തംഗം സാം ഈപ്പൻ, രാഷ്ട്രീയകക്ഷി നേതാക്കളായ എ.പി ജയൻ, അഡ്വ.കെ.ജി രതീഷ് കുമാർ, ജയകുമാർ, പ്രതാപചന്ദ്രവർമ്മ, എൻ.എം രാജു, ജിജി വട്ടശ്ശേരിൽ, ഹൈറ്റ്സ് അസോസിയേഷൻ വൈസ് പ്രസിഡന്റ് എ. രഞ്ജിത്കുമാർ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 4084/18)

## ജില്ലാ വികസന ഏകോപന-മോണിറ്ററിംഗ് സമിതി യോഗം ചേർന്നു

വിവിധ കേന്ദ്രാവിഷ്കൃതപദ്ധതികളുടെ നടത്തിപ്പ് പുരോഗതി അവലോകനം ചെയ്യുന്നതിനായുള്ള ജില്ലാ വികസന ഏകോപന-മോണിറ്ററിംഗ് സമിതി(ദിഷ)യോഗം കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ ആന്റോ ആന്റണി എം.പിയുടെ അധ്യക്ഷതയിൽ ചേർന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ രണ്ടാംപാദ അവലോകനമാണ് നടന്നത്. പ്രളയത്തിൽ പൂർണമായോ ഭാഗികമായോ വീടുകൾ തകർന്ന ജില്ലയിലെ ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർ വീട് നിർമാണ പ്രവർത്തനങ്ങൾക്ക് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കൂടി പ്രയോജനപ്പെടുത്തണമെന്ന് എം.പി പറഞ്ഞു. പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവരിൽ തൊഴിലുറപ്പ് തൊഴിലാളികളുണ്ടെങ്കിൽ വീട് നിർമാണ സമയത്ത് തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്തിയാൽ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടില്ല. ഇത്തരം സേവനങ്ങൾ ഉറപ്പ് വരുത്തുന്നതിന് അതത് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാരുമായി പ്രളയബാധിതർ ബന്ധപ്പെടണമെന്നും എം.പി അറിയിച്ചു.

തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റവും കൂടുതൽ തുക ചിലവഴിച്ച പറക്കോട് ബ്ലോക്കിനെ ജില്ലാ കളക്ടർ പി.ബി നൂഹ് അഭിനന്ദിച്ചു. ദാരിദ്ര്യ ലഘൂകരണവിഭാഗം പ്രൊജക്ട് ഡയറക്ടർ എൻ. ഹരി, എപിഒ പി.എൻ ശോഭന, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, തദ്ദേശഭരണ സ്ഥാപന പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 4085/18)

## തൊഴിലുറപ്പ് പദ്ധതി: പറക്കോട് ബ്ലോക്കിൽ കില ഇറ്റിസി പരിശീലനം നടത്തി

കൊട്ടാരക്കര കില ഇറ്റിസിയുടെ നേതൃത്വത്തിൽ തൊഴിലുറപ്പു പദ്ധതിയെക്കുറിച്ച് പറക്കോട് ബ്ലോക്കിൽ ഓഫ് കാമ്പസ് പരിശീലനം നടത്തി. ബ്ലോക്ക് പരിധിയിലെ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, വി.ഇ.ഒമാർ, തൊഴിലുറപ്പു ജീവനക്കാർ, മേറ്റുമാർ എന്നിവർക്കാണ് പരിശീലനം നൽകിയത്. 128 പേർ പങ്കെടുത്തു.

സോഷ്യൽ ആഡിറ്റിൽ പുതുതായി വരുന്ന മാറ്റങ്ങളും പഞ്ചായത്തുകൾ എടുക്കേണ്ട മുന്നൊരുക്കങ്ങളും യോഗത്തിൽ വിശദീകരിച്ചു. തൊഴിലുറപ്പു പദ്ധതി

നടത്തിപ്പിൽ ഫീൽഡ്തലത്തിലുള്ള നിരവധി സംശയങ്ങൾക്ക് മറുപടി നൽകാൻ പരിശീലനത്തിന് കഴിഞ്ഞതായി കില ഇറ്റിസി പ്രിൻസിപ്പൽ ജി.കൃഷ്ണകുമാർ പറഞ്ഞു.

പരിശീലനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബീനാ പ്രഭ ഉദ്ഘാടനം ചെയ്തു. എഡിസി ജനറൽ കെ.കെ.വിമൽരാജ്, സംസ്ഥാന സോഷ്യൽ ആഡിറ്റ് ഡവലപ്മെന്റ് സ്പെഷ്യലിസ്റ്റ് ഇ.ശ്രീകുമാർ , റിട്ട. ഡെപ്യൂട്ടി ഡവലപ്മെന്റ് കമ്മീഷണർ സി.ശശിധരൻ പിള്ള, അക്രഡിറ്റഡ് എഞ്ചിനീയർ ജിഷ്ണു ശശി എന്നിവർ ക്ലാസെടുത്തു. ബിഡി ഒ ജി.ശ്രീലക്ഷ്മി, ജോ. ബിഡിഒ വി.ശശികുമാർ, വനിതാ വികസന ഓഫീസർ ശ്രീലത, ഡി ഇ ഒ ദീപ്തി, കില ഇറ്റിസി കോഴ്സ് കോ ഓർഡിനേറ്റർ ബി. ഷബീന എന്നിവർ പ്രസംഗിച്ചു.

(പിഎൻപി 4086/18)

## സാമൂഹ്യസുരക്ഷാ പെൻഷൻ: അപ്പീൽ സ്വീകരിക്കും

മൈലപ്ര ഗ്രാമപഞ്ചായത്തിൽ സാമൂഹ്യസുരക്ഷാ പെൻഷനുകൾക്ക് നൽകിയിരുന്ന അപേക്ഷകൾ നിരസിക്കപ്പെട്ടവർക്കുള്ള അപ്പീലുകൾ ഈ മാസം 22വരെ പഞ്ചായത്ത് ഓഫീസിൽ സ്വീകരിക്കും. അപ്പീലുകൾ തീർപ്പാക്കുന്നതിനായി 27ന് അദാലത്ത് നടത്തുമെന്ന് സെക്രട്ടറി അറിയിച്ചു. (പിഎൻപി 4087/18)

## എച്ച്ഐവി ബോധവത്ക്കരണ കലാപരിപാടി

എച്ച്ഐവി അണുബാധ, എയ്ഡ്സ് രോഗം ഇവയെക്കുറിച്ചുള്ള ബോധവത്ക്കരണ പരിപാടി ജില്ലയിലെ 45 കേന്ദ്രങ്ങളിൽ നടക്കും. തണ്ണീർമുക്കം സദാശിവനും സംഘവും ക്യാപ്രസംഗത്തിലൂടെയാണ് ബോധവത്ക്കരണം നടത്തുന്നത്. 19ന് രാവിലെ 9.30ന് പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ആദ്യപരിപാടി നടക്കും. 11.30ന് ഓമല്ലൂർ മാർക്കറ്റ് ജംഗ്ഷൻ, ഒന്നിന് കടമ്മനിട്ട കണമുക്ക് ജംഗ്ഷൻ, 2.30ന് തെക്കേമല, നാലിന് കോഴഞ്ചേരി ടൗൺ എന്നിവിടങ്ങളിൽ പരിപാടി നടക്കും. 20ന് രാവിലെ 9.30ന് പൂങ്കാവ്, 11ന് കോന്നി എൻഎസ് എസ് കോളജ്, 12ന് ഐരവൺ ഹയർ സെക്കൻഡറി സ്കൂൾ, 2.30ന് മൈലപ്ര ഹയർ സെക്കൻഡറി സ്കൂൾ, നാലിന് മലയാലപ്പുഴ ടൗൺ എന്നിവിടങ്ങളിൽ പരിപാടി നടക്കും.

എച്ച്ഐവി ബാധിതരോടുള്ള വിവേചനം ഇല്ലാതാക്കുക, പുതുതായി രോഗബാധ ഉണ്ടാകാതിരിക്കാൻ പ്രചരണം നൽകുക എന്നിവയാണ് പരിപാടിയുടെ ലക്ഷ്യം. നിങ്ങളുടെ എച്ച്ഐവി നില അറിയൂ എന്നതാണ് ഈവർഷത്തെ സന്ദേശം.

(പിഎൻപി 4088/18)

## ബ്ലോക്ക് കോ–ഓർഡിനേറ്റർ തെരഞ്ഞെടുപ്പ്

കുടുംബശ്രീ ബ്ലോക്ക് കോ–ഓർഡിനേറ്ററായി കരാർ അടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷിച്ചവരിൽ യോഗ്യരായവർക്ക് പരീക്ഷയെഴുന്നതിനുള്ള ഹാൾടിക്കറ്റ് വിതരണം ചെയ്തിട്ടുണ്ട്. ഈ മാസം 20നകം ഹാൾ ടിക്കറ്റ് ലഭിക്കാത്തവർ കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിൽ നിന്നും നേരിട്ട് കൈപ്പറ്റണമെന്ന് കോ–ഓർഡിനേറ്റർ അറിയിച്ചു.

(പിഎൻപി 4089/18)

## ഖാദി പ്രദർശന വിപണനമേളയിൽ തിരക്കേറി

ഖാദി എക്സ്പോ–2018ന്റെ ഭാഗമായി പത്തനംതിട്ട മുനിസിപ്പൽ ടൗൺ ഹാളിൽ നടക്കുന്ന സംസ്ഥാനതല ഖാദി ഗ്രാമവ്യവസായ പ്രദർശന വിപണനമേളയിൽ തിരക്കേറി. പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിയിൽ ആരംഭിച്ചിട്ടുള്ള നിരവധി ചെറുകിട ഗ്രാമവ്യവസായ ഉത്പന്നങ്ങൾ മേളയിൽ ലഭിക്കും. കോട്ടൺസിൽക്ക്, സിൽക്ക് സാരി, ഡബിൾ മുണ്ട്, കാവി മുണ്ട്, റെഡിമെയ്ഡ് ഷർട്ടുകൾ, പഞ്ഞിമെത്തകൾ, തലയിണകൾ, ബഡ്ഷീറ്റുകൾ എന്നിവ 30 ശതമാനം ഗവൺമെന്റ് റിബേറ്റിൽ ലഭിക്കും. ഖാദി ബാർ സോപ്പ്, മരച്ചക്കിലാട്ടിയ എള്ളെണ്ണ, ശുദ്ധമായ തേൻ, തേൻ നെല്ലിക്ക, തേൻ വെളുത്തുള്ളി, ആയുർവേദ ഉത്പന്നങ്ങൾ, ആറന്മുള കണ്ണാടി, ചെരുപ്പുകൾ, മൺപാത്രങ്ങൾ, ആഭരണങ്ങൾ, തേൻ അസംസ്കൃത ഉത്പന്ന

ങ്ങൾ, ശുദ്ധമായ കറി പൗഡറുകൾ, കുടുംബശ്രീ നാടൻ ഭക്ഷണം എന്നിവ ഇവിടെ ലഭ്യമാണ്.

ഖാദി ചർക്ക, തറി, റാട്ട് എന്നിവയുടെ പ്രദർശനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഖാദി ബോർഡ് വഴിയുള്ള വായ്പ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ അറിയുന്നതിനും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. മേളയോടനുബന്ധിച്ച് എല്ലാ ദിവസവും വൈകിട്ട് ആറ് മുതൽ വിവിധ കലാപരിപാടികളും നടക്കും. മേള 23ന് സമാപിക്കും.

(പിഎൻപി 4090/18)

## സ്നേഹിത കോളിംഗ് ബെൽ നിരാലംബരായവർക്കുള്ള ആശ്രയം : ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്

സ്നേഹിത കോളിംഗ് ബെൽ സമൂഹത്തിന് വഴികാട്ടിയാണെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണദേവി. കുടുംബശ്രീയുടെ പദ്ധതിയായ സ്നേഹിത കോളിംഗ് ബെൽ അംഗങ്ങളുടെ സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്. സമൂഹത്തിൽ നിരാലംബരായവർക്ക് ഒരു ആശ്രയമാകാൻ സ്നേഹിത കോളിംഗ് ബെൽ പദ്ധതിക്ക് സാധിക്കുന്നുണ്ടെന്നും, ഇവർക്കെതിരെയുള്ള അതിക്രമങ്ങൾ കുറയ്ക്കാൻ ഇതിലൂടെ കഴിയുന്നുണ്ടെന്നും പ്രസിഡന്റ് പറഞ്ഞു. കേരളത്തിൽ അടുത്ത കാലത്തായി ഒറ്റപ്പെട്ട് താമസിക്കുന്ന ആളുകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ വർദ്ധിച്ച് വരികയാണ്. കൃത്യസമയത്തുള്ള ഇടപെടലിലൂടെ ഒഴിവാക്കാൻ കഴിയാവുന്ന ദുരന്തങ്ങൾ പലപ്പോഴും അവഗണനയുടെ പേരിൽ സമൂഹത്തിൽ തീരാമുറിവായി അവശേഷിക്കുന്ന സാഹചര്യത്തിലാണ് കുടുംബശ്രീയുടെ നേതൃത്വത്തിൽ സ്നേഹിത കോളിംഗ് ബെൽ എന്ന പദ്ധതി ആവിഷ്ക്കരിച്ചത്. ഒറ്റപ്പെട്ട് താമസിക്കുന്നവരേയും മുതിർന്ന പൗരന്മാരേയും കണ്ടെത്തി അവർക്ക് വേണ്ട പിന്തുണ നൽകുന്ന പദ്ധതിയാണ് ഇത്. വീട്, അടിസ്ഥാന സൗകര്യങ്ങൾ, വൈദ്യസഹായം, നിയമസഹായം, ഉപജീവനമാർഗങ്ങൾ, ആധാർ കാർഡ് തുടങ്ങിയ എല്ലാ വിധത്തിലുള്ള സേവനങ്ങളും ഈ പദ്ധതിയിലൂടെ ലഭ്യമാക്കും.

ചടങ്ങിൽ ജില്ലാ കളക്ടർ പി.ബി നൂഹ് മുഖ്യപ്രഭാഷണം നടത്തി. സമൂഹത്തിൽ ഒറ്റപ്പെട്ടവർക്കായി കൃത്യമായ ആസൂത്രണത്തോടെയുള്ള നടപടികളുണ്ടാകുമെന്നും, ഇത്തരക്കാരെ സംരക്ഷിക്കേണ്ട ചുമതല നമുക്കുണ്ടെന്നും അദ്ദേഹം പറഞ്ഞു. ജൂനിയർ സൂപ്രണ്ട് ജോഷി അധ്യക്ഷത വഹിച്ചു. ലീഗൽ സർവീസസ് അതോറിറ്റി സബ്ജഡ്ജ് &സെക്രട്ടറി ആർ.ജയകൃഷ്ണൻ ചർച്ചയ്ക്ക് നേതൃത്വം നൽകി. ജില്ലാ ലേബർ ഓഫീസർ റ്റി. സൗദാമിനി, പത്തനംതിട്ട നഗരസഭ കൗൺസിലർ പി.കെ ജേക്കബ്, കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ വി.എസ് സീമ, സി.ഡി.എസ് ചെയർപേഴ്സൺ മോനി വർഗീസ്, കുടുംബശ്രീ എ.ഡി.എം.സി എ.മണികണ്ഠൻ, കുടുംബശ്രീ ഡി.പി.എം പി.ആർ അനൂപ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 4091/18)

## ഓരോ പൗരനും നിയമസാക്ഷരത അനിവാര്യം: ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്

അടിസ്ഥാനപരമായി അവകാശങ്ങളെ സംബന്ധിച്ച നിയമസാക്ഷരത അനിവാര്യമാമാണെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണ്ണാദേവി. സംസ്ഥാന സാക്ഷരതാ മിഷന്റെ കീഴിൽ നടത്തുന്ന ഭരണഘടനാ സാക്ഷരതാ ജനകീയ വിദ്യാഭ്യാസ പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു പ്രസിഡന്റ്. അവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോൾ അതിനെ ചോദ്യം ചെയ്യുന്നതിന് ഭരണഘടനാ അവബോധം ആവശ്യമാണ്. നിയമ സാക്ഷരത നേടുന്നത് പൗരധർമ്മത്തിന്റെ ഭാഗമായി മാറ്റണമെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു. ഇന്ത്യൻ ഭരണഘടന ജനങ്ങളിലേയ്ക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ ജനുവരി 26 വരെയാണ് ഭരണഘടന സാക്ഷരതാ പരിപാടികൾ സംഘടിപ്പിക്കുന്നത്. പഞ്ചായത്ത് നഗരസഭ റിസോഴ്സ്

പേഴ്സൺമാർക്കായി ഭരണഘടനാ സാക്ഷരതയെക്കുറിച്ച് അഡ്വ. സുനിൽ പേരൂർ, അഡ്വ.ഡെന്നി ജോർജ്ജ് എന്നിവർ ക്ലാസുകൾ നയിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോർജ് മാമ്മൻ കൊണ്ടൂർ അധ്യക്ഷത വഹിച്ച പരിപാടിയിൽ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ കെ.ജി അനിത, വികസന സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ എലിസബത്ത് അബു, അധ്യാപകരായ കോന്നിയൂർ രാധാകൃഷ്ണൻ, അഫ്സൽ ആനപ്പാറ, രാജൻ പടിയറ, സാക്ഷരതാ മിഷൻ ജില്ലാ കോർഡിനേറ്റർ ഡോ.വി വി മാത്യു, അസിസ്റ്റന്റ് കോർഡിനേറ്റർ ഡോ.പി.മുരുകദാസ്, പഞ്ചായത്ത് നഗരസഭ റിസോഴ്സ് പേഴ്സൺമാർ, സാക്ഷരതാമിഷൻ പ്രേരക്മാർ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 4092/18)

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് രജിസ്ട്രേഷൻ വകുപ്പ് സംഭാവന നൽകി

നവകേരളനിർമ്മിതിക്കായി ജില്ലാ രജിസ്ട്രേഷൻ വകുപ്പിന്റെ കൈത്താങ്ങ്. 6,36400 രൂപയാണ് രജിസ്ട്രേഷൻ വകുപ്പ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകിയത്. ജില്ലാ രജിസ്ട്രാർ ടി.കെ മുരാരി ജില്ലാ കളക്ടർ പി.ബി നൂഹിന് തുക കൈമാറി. സീനിയർ ക്ലർക്ക് ബിജി, ചിട്ടി ഇൻസ്പെക്ടർ അരവിന്ദാക്ഷ കുറുപ്പ്, ക്ലർക്ക് ഷാജൻ എസ് ഹമീദ് തുടങ്ങിയവർ സന്നിഹിതരായിരുന്നു. പ്രളയശേഷം മൂന്ന് ലക്ഷം രൂപ വകുപ്പ് ആദ്യം കൈമാറിയിരുന്നു. (പിഎൻപി 4093/18)

## ഫോട്ടോ അടിക്കുറിപ്പ്

1) കൊട്ടാരക്കര കില ഇറ്റിസി പറക്കോട് ബ്ലോക്കിൽ നടത്തിയ തൊഴിലുറപ്പു പദ്ധതി ഓഫ് കാമ്പസ് പരിശീലനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബീനാ പ്രഭ ഉദ്ഘാടനം ചെയ്യുന്നു.
2) നിർദിഷ്ട തിരുവല്ല വെയർഹൗസിന്റെ രൂപരേഖ
3) തിരുവല്ല വെയർഹൗസ് പദ്ധതിയുടെ നിർമാണ ഉദ്ഘാടനം തിരുവല്ലയിൽ ഭക്ഷ്യപൊതുവിതരണവകുപ്പ് മന്ത്രി പി.തിലോത്തമൻ നിർവഹിക്കുന്നു.
4) ഭരണഘടനാ സാക്ഷരത ജനകീയ വിദ്യാഭ്യാസ പരിപാടി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ഉദ്ഘാടനം ചെയ്യുന്നു.
5) സ്നേഹിത കോളിംഗ് ബെൽ അംഗങ്ങളുടെ സംഗമം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണദേവി ഉദ്ഘാടനം ചെയ്യുന്നു.
6) കോഴഞ്ചേരി പഞ്ചായത്തിലെ ചീങ്കേമുക്ക് മേലുകര ലക്ഷം വീട് കോളനിയിലേക്കുള്ള പുതിയ പാതയുടെ നടപ്പാത കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി ശ്യാം മോഹൻ ഉദ്ഘാടനം ചെയ്യുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്